ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ -688001
ഫോൺ: 0477 2251349, ഇ-മെയിൽ: prdalppy@gmail.com
വെബ്സൈറ്റ്: www.prd.kerala.gov.in

പത്രക്കുറിപ്പ് 3 "ഭരണഭാഷ- മാതൃഭാഷ" 2020 ഫെബ്രുവരി 22 ശനി

# അതിവേഗ പ്രത്യേക കോടതിയിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനം

ആലപ്പുഴ: ബലാത്സംഗ കേസുകളുടെയും പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെയും ദ്രുതഗതിയിലുള്ള വിചാരണയ്ക്കായി ജില്ലയിൽ സ്ഥാപിക്കുന്ന പ്രത്യേക അതിവേഗ കോടതിയുടെ പ്രവർത്തനത്തിൻറെ ഭാഗമായി വിവിധ തസ്തികകളിലേക്ക് കരാര് അടിസ്ഥാനത്തില് നിയമിക്കുന്നതിനായി ജുഡിഷ്യല് സർവ്വീസില് നിന്ന് വിരമിച്ച ജീവനക്കാരുടെ പാനൽ രൂപവത്കരിക്കുന്നു. കോൺഫിഡൻഷ്യല് അസിസ്റ്റൻറ് ഗ്രേഡ് രണ്ട്, കമ്പ്യൂട്ടർ അസിസ്റ്റൻറ്/ എൽ.ഡി ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡൻറ് /പ്യൂൺ എന്നിവരെയാണ് നിയമിക്കുന്നത്. നിശ്ചിത മാതൃകയിലുള്ള അപേക്ഷാപത്രം സഹിതം ഫെബ്രുവരി 28ന് വൈകുന്നേരം മുന്നിനകം നൽകണം. https://districts.ecourts.gov.in/india/kerala/alappuzha/notification എന്ന വെബ്സൈറ്റിൽ നിന്ന് അപേക്ഷാപത്രം ഡൗൺലോഡ് ചെയ്യാം.

# സബ് രജിസ്ട്രാർ ഓഫീസുകളില് മെഗാ അദാലത്ത്

ആലപ്പുഴ: ആധാരത്തിൽ വില കുറച്ച് കാണിച്ചത് മൂലം ഇനിയും പണമടക്കുവാന് കുടിശിക വരുത്തിയിട്ടുള്ള അണ്ടർ വാല്യുവേഷന് കേസുകള് തീർപ്പകൽപ്പിക്കുന്നതിനായി ജില്ലയിലെ 20 സബ് രജിസ്ട്രാർ ഓഫീസുകളില് മെഗാ അദാലത്ത് സംഘടിപ്പിക്കുന്നു. ഫെബ്രുവരി 25ന് രാവിലെ 10മുതലാണ് അദാലത്ത്. ബന്ധപ്പെട്ട കക്ഷികൾ അന്നേദിവസം അദാലത്തിൽ പങ്കെടുത്ത് കുറവ് മുദ്രയുടെ 70 ശതമാനവും ഫീസ് പൂർണ്ണമായും ഒഴിവാക്കി കുറവ് മുദ്രവിലയുടെ 30 ശതമാനം മാത്രം പണമടച്ച് തുടർന്നുള്ള ജപ്തി നടപടികളിൽ നിന്ന് ഒഴിവാകണമെന്ന് ജില്ല രജിസ്ട്രാര് (ജനറൽ) അറിയിച്ചു. ഫോൺ: 04772253257.